**GAZETTE DATE : 31.12.2025**
**LAST DATE : 04.02.2026**

# CATEGORY NO: 781/2025

Applications are invited online only by **One Time Registration** system exclusively from qualified candidates for selection to the under mentioned post. Applications must be submitted online through the official website of the Kerala Public Service Commission after **One Time Registration**. Candidates who have already registered can apply through their profile.

1. **Department** : **Various**

2. **Name of post** : **Binder Grade II**

3. **Scale of pay** : **₹ 24,400 – 55,200**

4. **Number of vacancies** : **District wise**

| Districts | Vacancies |
|---|---|
| Thiruvananthapuram | Anticipated Vacancy |
| Kollam | |
| Alappuzha | |
| Ernakulam | |
| Thrissur | |
| Palakkad | |
| Malappuram | |
| Kozhikode | |
| Wayanad | |
| Kannur | |
| Kasaragod | |

**Notes:-**

(i) A Ranked List will be prepared for the above Districts in pursuance of this notification. The Ranked List thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the aforesaid vacancies and also against the vacancies, if any, reported during the currency of the list.

(ii) The selection in pursuance of the notification will be made on a revenue district basis, subject to the special conditions laid down in G.O.(MS) No.154/71/PD dated, 27/05/1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in the former district, Even if transfer is allowed after five years, it will be subject to the rules in G.O.(P)No.36/91/P&ARD dated 02/12/1991. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

(iii) Candidates should submit applications for the post to any one of the above district and should note the name of that district against the relevant column in the online application. Applications should not be submitted to more than one district in response to this notification. If applications are submitted contrary to the above direction, and if he/she is selected, his/her name will be removed from the ranked lists and disciplinary action will be taken against him/her.

(iv) 4% of the total vacancies reported for the above post shall be reserved for eligible Differently Abled Candidates with disabilities as specified vide G.O(P)No.05/2023/SJD dated 01/10/2023.

(Link)
Present Order for Rights of Persons with Disabilities Act, 2016 Section 34

**5. Method of appointment : Direct Recruitment.**

**6. Age Limit :** **18-36.** Candidates born between 02.01.1989 and 01.01.2007 (both dates included) only are eligible to apply for this post. SC/ST candidates and Other Backward Classes are eligible for usual age relaxation.

**Note** :- For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years of age, please see para 2 of general condition under Part II of this notification.

**7. Qualifications:-**

(1) Pass in Standard VII(New) or its equivalent qualification.

(2) Pass in Madras Government Technical Examination or Kerala Government Technical Examination (Lower) in Book Binding.

<<LINK>>
EQUIVALENT/ HIGHER QUALIFICATION

**Note:-**

(i) In the absence of candidates possessing the above qualifications, persons having 18 months experience in book binding in a Government department /Registered Institution shall be considered, provided that they shall prove their proficiency in a Practical test to be conducted by the Public Service Commission.

(ii) The term 'Registered Institution' referred to above means a firm or a Company or a Society registered under the Companies Act or Charitable Societies or Co-operative Societies Act or Small Scale Industrial Units registered with the Industries Development Commissioner (SSI) or any other Act recognised by Government to enable the Firm/Company/Society/Unit to be recognised as legal entity.

**Note :-**

(i) K.S & S.S.R Part II Rule 10a(ii) is applicable for selection to this post.

(ii) In addition to the qualification prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/higher qualifications shall be produced as and when required by the Commission.

The certificate to prove experience shall be in the format given below:

## CERTIFICATE OF EXPERIENCE

**Name of the firm** :

(Company /Corporation/Government Department

/ Co-operative institution etc.)

**Register Number** :
(SSI Registration or any other Registration Number
and Date of Registration)
**Authority issued Registration** :

Issued to (here enter Name and Address) …............................................. …................................................................................................................... This is to certify that the above mentioned person has worked/has been working in this institution in book binding as Regular Worker/Temporary Worker/Paid Apprentice/Trainee/Casual Labourer (Strike off whichever is not applicable) on Rs............... per day/per mensum for a period of ........... years ............. months........... days from …/..../...... to ..../..../........ (from and to details are to be entered in DD/MM/YYYY format).

| | |
|---|---|
| Signature with Date, | |
| Name | |
| Designation of the Issuing Authority with Name of the Institution | |

Place:
Date:

(Office Seal)

## CERTIFICATE

Certified that Sri/Smt..................................................mentioned in the above Experience Certificate has actually worked/is working in .......................................................... (specify the nature of employment) in the above Institution during the period mentioned there in as per the entry in the …........................... Register (mention the name of Register) maintained by the employer as per the provision of ................................. Act (Name of the Act/Rules to be specified).

I am the authorized person to inspect the Register kept by the employer as per the provision of the Act/Rules of the …............................................................................ State/Central Act.

| | |
|---|---|
| Signature with Date, | |
| Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/ Rules | |

Place:
Date:

(Office Seal)

**<u>Note:-</u>** The veracity of the experience certificate will be subjected to scrutiny and legal actions will be initiated against those who issue or produce bogus certificate.

**8. Mode of Submitting applications :**

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission viz **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the **Notification Link** to apply for the post. Name of the candidate and the date of taking photograph should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking photograph. **Those candidates who are creating a new profile should upload a photograph taken within a period of six months.** There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application, candidates must ensure correctness of the information on their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link **'My Applications'** in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application. The application submitted not in accordance with the conditions stipulated in the notification will be summarily rejected in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for.

**(b)** **Candidates who have AADHAAR card should add AADHAAR card as I.D. Proof in their profile.**

**9. Last date for receipt of applications : 04.02.2026 Wednesday upto 12:00 Midnight.**

**10. Address to which applications are to be submitted** : www.keralapsc.gov.in

**11.** If a Written Test/OMR Test/Online Test is conducted as a part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**12. Special Instructions to Candidates**

(i) In the case of difference in Caste/Community claimed in the application and that entered in SSLC book,the candidate shall produce a gazette notification in this regard, along with Non-creamy layer certificate /Community Certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

(iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in the written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

**(For details including ID card, photo etc., please see the General Conditions given below as Part II of this Notification).**

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 781/2025

താഴെ പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' ചെയ്ത ശേഷമാണ് സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : **വിവിധം**
2. **ഉദ്യോഗപ്പേര്** : **ബൈൻഡർ ഗ്രേഡ് II**
3. **ശമ്പളം** : **₹ 24,400 – 55,200**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| ജില്ലകൾ | ഒഴിവുകൾ |
|---|---|
| തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| കൊല്ലം | |
| ആലപ്പുഴ | |
| എറണാകുളം | |
| തൃശ്ശൂർ | |
| പാലക്കാട് | |
| മലപ്പുറം | |
| കോഴിക്കോട് | |
| വയനാട് | |
| കണ്ണൂർ | |
| കാസറഗോഡ് | |

**കുറിപ്പ് :-**

(i) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജില്ലകളിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഇതേ ജില്ലയിലേക്ക് പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71-ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി-യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991-ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) മുകളിൽ പറയുന്ന തസ്തികയിലേയ്ക്ക് ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 01.10.2023 തീയതിയിലെ G.O.(P)No.05/2023/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(Link)

Present Order for Rights of Persons with Disabilities Act, 2016 Section 34

**5. നിയമന രീതി** : **നേരിട്ടുള്ള നിയമനം**

**6. പ്രായപരിധി** : **18-36,** ഉദ്യോഗാർത്ഥികൾ 02.01.1989-നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും).

കുറിപ്പ് : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് -2 ലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :**

**(1)** ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

**(2)** ബുക്ക് ബൈൻഡിങ്ങിൽ മദ്രാസ് ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ (എം.ജി.റ്റി.ഇ.) അല്ലെങ്കിൽ കേരള ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ കെ.ജി.റ്റി.ഇ.(ലോവർ) ജയിച്ചിരിക്കണം.

<<LINK>>

EQUIVALENT/ HIGHER QUALIFICATION

**കുറിപ്പ് :-**

(i) മുകളിൽ പറഞ്ഞ യോഗ്യത ഉള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഒരു സർക്കാർ വകുപ്പിലോ രജിസ്റ്റേർഡ് സ്ഥാപനത്തിലോ ബുക്ക് ബൈൻഡിങ്ങിൽ പതിനെട്ട് മാസത്തെ പരിചയം ഉള്ളവരെയും പരിഗണിക്കുന്നതാണ്. അങ്ങനെ ഉള്ളവർ ബുക്ക് ബൈൻഡിങ്ങിലുള്ള തങ്ങളുടെ പ്രാവിണ്യം പി.എസ്.സി. നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(ii) മുകളിൽ പറഞ്ഞ രജിസ്റ്റേർഡ് സ്ഥാപനം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്, കമ്പനീസ് ആക്ട് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട്, അല്ലെങ്കിൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ/ കമ്പനി/ സൊസൈറ്റി അല്ലെങ്കിൽ വ്യവസായ വികസന കമ്മിഷണർ (എസ്.എസ്.ഐ.) മുൻപാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ഏതെങ്കിലും ആക്ട് പ്രകാരം നിയമന സാധ്യതയുള്ള സ്ഥാപനം/ കമ്പനി/ സൊസൈറ്റി/ യൂണിറ്റ് എന്നാണ്. ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം. [സ്ഥാപനത്തിന്റെ (കമ്പനി/ കോർപറേഷൻ/ ഗവൺമെന്റ് ഡിപ്പാർട് മെന്റ്/ സഹകരണ സ്ഥാപനങ്ങൾ മുതലായവ) പേരും രജിസ്റ്റർ നമ്പറും (ചെറുകിട വ്യവസായ രജിസ് ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ് ട്രേഷൻ നമ്പർ ) രജിസ്റ്റർ ചെയ്ത തീയതിയും]

**കുറിപ്പ് :**

(i) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(ii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിങ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

## പരിചയ സർട്ടിഫിക്കറ്റ്

സ്ഥാപനത്തിന്റെ പേര് :
(കമ്പനി /കോർപ്പറേഷൻ/ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റ്/
സഹകരണ സ്ഥാപനങ്ങൾ മുതലായവ)
രജിസ്റ്റർ നമ്പർ (ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ :
മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി)
രജിസ്ട്രേഷൻ നൽകിയ അധികാരി :

ശ്രീ/ശ്രീമതി.......................................................................................................................................................................................

..........................................................................................................................................................................................

(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ബുക്ക് ബൈൻഡിംഗിൽ സ്ഥിരമായി/ താൽകാലികമായി/ അപ്രന്റിസ്/ ട്രയിനി/ കാഷ്വൽ ലേബർ (ബാധകമല്ലാത്തത് വെട്ടിക്കളയുക) ആയി.......................... രൂപാ മാസ ശമ്പളത്തിൽ/ ദിവസശമ്പളത്തിൽ ......./......../.......... മുതൽ ......./....../........... വരെ .......................... വർഷം ...................... മാസം ........................... ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കിവരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു. (എന്നു മുതൽ എന്നുവരെ എന്നുള്ള വിവരങ്ങൾ DD/MM/YYYY എന്ന ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്).

| | | |
|---|---|---|
| | തീയതി സഹിതമുള്ള ഒപ്പ് | |
| | പേര് | |
| സ്ഥലം:<br>തീയതി: | സർ ട്ടിഫിക്കറ്റ് നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

(ഓഫീസ് സീൽ)

## സാക്ഷ്യപത്രം

..................എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപനയുടമസ്ഥൻ / തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ....................................... രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ/ജീവനക്കാരി ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ........................................................ ജോലി ചെയ്തിരുന്നു/ ചെയ്തുവരുന്നുവെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ....................................................................................... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനയുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

| | | |
|---|---|---|
| | തീയതി സഹിതമുള്ള ഒപ്പ് | |
| സ്ഥലം:<br>തീയതി: | ചട്ട പ്രകാരം / നിയമ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര് | |
| | (ഓഫീസ് സീൽ) | |

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. **ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനകം എടുത്ത ഫോട്ടോയാണ് upload ചെയ്യേണ്ടത്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(ബി)** **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

**9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 04.02.2026 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ.**

**10. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

**12. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച്അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ /നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

**(ഫോട്ടോ, ഐ.ഡി കാർഡ് എന്നിവയുൾപ്പെടെയുളള കൂടുതൽ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ